(സി-ഇ) സ്വകാര്യ ആശുപത്രികളുടെയും ലബോറട്ടറികളുടെയും നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടിയുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ, 2013-ലെ കരട് ബിൽ നമ്പർ 230 ആയി നിയമസഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ്

78(778) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളിൽ ഡോക്ടർമാരുടെ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ ;

(സി) താൽക്കാലിക വ്യവസ്ഥയിൽ നിയമിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ പാലിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചീഫ് കൺസൾട്ടന്റ്, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി ജനറൽ കേഡറിൽ ജോലി ചെയ്തുവരുന്ന സ്പെഷ്യാലിറ്റി ബിരുദമുള്ള ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചുകൊണ്ട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ജില്ലാ മെഡിക്കൽ ഓഫീസർ വഴി അഡ്ഹോക്ക് നിയമനങ്ങൾ നടത്തുന്നു. കൂടാതെ ഒഴിവുള്ള തസ്തികകളിൽ എൻ.ആർ.എച്ച്.എം.-ൽ നിന്നും താൽക്കാലിക നിയമനം നൽകി ഒഴിവ് നികത്തുകയാണ് ചെയ്യുന്നത്.

ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം

79(779) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം നടപ്പിലാക്കിയതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെ ആയിരുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly